(ബി) പഞ്ചായത്ത് നിയമത്തിലെ വ്യവസ്ഥകൾ ചോദ്യം ചെയ്തു കൊണ്ട് എത്ര കേസ്സുകൾ നിലവിലുണ്ട്;

(സി) ഈ നിയമമനുസരിച്ച് അയോഗ്യത കൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ മുൻപാകെ എത്ര കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര എണ്ണത്തിന് തീർപ്പു കൽപ്പിച്ചിട്ടുണ്ട്?

ഉത്തരം

(എ) നിലവിലുള്ള പഞ്ചായത്ത് നിയമം നിലവിൽ വന്നശേഷം ത്രിതല പഞ്ചായത്തുകളിൽ അയോഗ്യരാക്കിയിട്ടുള്ള അംഗങ്ങളുടെ എണ്ണം, പേര്, പഞ്ചായത്തിന്റെ പേര് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി)&(സി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ മുൻപാകെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വിവിധ വകുപ്പുകൾ അനുസരിച്ച് 182 കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. അതിൽ 156 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, 1999 ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) നിയമം അനുസരിച്ച് 108 കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഈ നിയമത്തിൻകീഴിലുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞിട്ടില്ലാത്തതിനാലും പകുതിയോളം കേസുകളിൽ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉള്ളതിനാലും ഈ കേസ്സുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിൽ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും കേസ്സുകൾ ഉൾപ്പെടും.

345 (1538) പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുവദിച്ച തുക

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും സ്പെഷ്യൽ ഗ്രാന്റ് ആയോ മറ്റ് ആനുകൂല്യങ്ങളായോ തുക അനുവദിച്ചിട്ടുണ്ട്;

(ബി) എങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികൾക്ക് ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ഓരോ വർഷവും തുക അനുവദിച്ചുനൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരസഭകൾക്ക് അർഹതപ്പെട്ട പദ്ധതിവിഹിതം ജനറൽ പർപ്പസ് ഗ്രാന്റ്, സ്പെഷ്യഫിക് പർപ്പസ് ഗ്രാന്റ് എന്നിവയ്ക്കുപുറമെ താഴെപ്പറയുംപ്രകാരം നഗരസഭകൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിച്ചു നൽകിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റി	ആവശ്യം	അനുവദിച്ച തുകയും വർഷവും	
1. ആലപ്പുഴ	കോളറ നിർമ്മാർജ്ജനം	10 ലക്ഷം രൂപ	1996-97
2. കായംകുളം	കോളറ നിർമ്മാർജ്ജനം	5 ലക്ഷം രൂപ	1996-97
3. ആലപ്പുഴ			
4. കായംകുളം			
5. ചേർത്തല			
6. മാവേലിക്കര			
7. ചെങ്ങന്നൂർ	ജപ്പാൻ ജ്വര നിർമ്മാർജ്ജനം	1 ലക്ഷം രൂപ	
8. കോട്ടയം		വീതം	1996-97
9. ചങ്ങനാശ്ശേരി			
10. വൈക്കം			
11. പാലാ			

346 (1539) മാലിന്യ സംസ്ക്കരണത്തിന് സാമ്പത്തികസഹായം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗര പ്രദേശങ്ങളിലെ ഖരമാലിന്യ സംസ്ക്കരണത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിന് സാമ്പത്തികസഹായം ഏതെല്ലാം മേഖലയിൽനിന്നാണ് ലഭിക്കുന്നത്;

(സി) ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പദ്ധതികൾ ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഇവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നഗരഖര മാലിന്യത്തിൽനിന്ന് ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള വിവിധ രീതികൾ നിലവിലുണ്ട്. കോഴിക്കോട്, തിരുവനന്തപുരം, പാലക്കാട്, ഗുരുവായൂർ എന്നീ നഗരസഭകൾ ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനുപുറമെ കൊച്ചിയിൽ ജർമ്മൻ സഹായത്തോടെ നഗരമാലിന്യത്തിൽനിന്ന് വൈദ്യുതിയും കമ്പോസ്റ്റും നിർമ്മിക്കുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ടിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്. ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിൽ സ്വകാര്യ മേഖലയുടെ സഹായം തേടുന്നതിനുള്ള നിർദ്ദേശങ്ങളും സർക്കാർ പരിഗണിച്ചുവരുന്നു.

(ബി) നഗര സഭയുടെ ജൈവവള പദ്ധതികൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൂടാതെ ഹഡ്കോ, കേരള നഗര വികസന ധനകാര്യ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായവും ലഭ്യമാണ്.

(സി) മെ. എക്സെൽ ഇൻഡസ്ട്രീസിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്ലാന്റ് കോഴിക്കോട് നഗരസഭയിൽ സ്ഥാപിച്ചുവരുന്നു. ഇത്തരത്തിലുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് തിരുവനന്തപുരം നഗരസഭ നടപടി

LIBRARY ARCHIVES Kerala Legislative Assembly